ടൽഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ജോലി നഷ്ടപ്പെട്ടെങ്കിലോ എന്ന ഭയം ഗൾഫ്പ്രദേശത്തുള്ള ഇന്ത്യാക്കാർക്കു പൊതുവെയുണ്ട്.

ഡെങ്ങ്സ്യാവോപിങ്ങിന്റെ നേതൃത്വത്തിൽ, ജനകീയചൈനയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ 1984-ൽ ഉണ്ടായിട്ടുണ്ട്. ബ്രിട്ടീഷ് അധികാരം ഒഴിഞ്ഞുപോയാലും, ഹോങ്ങ്കോങ്ങിൽ ഇന്നുള്ള മുതലാളിത്ത സമ്പദ്വ്യവസ്ഥ അതേപടി നിലനിർത്താമെന്ന് ചൈനയിലെ കമ്യൂണിസ്റ്റ് ഗവണ്മെന്റ് സമ്മതിച്ചിട്ടുണ്ട്. വ്യത്യസ്തമായൊരു രാഷ്ട്രമെന്ന നില തൈവാൻ ഉപേക്ഷിക്കുന്നപക്ഷം, അവിടത്തെ സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ-വ്യവസ്ഥിതികൾ മാറ്റമില്ലാതെ തുടരാൻ അനുവദിക്കാമെന്നും ചൈനീസ് ഭരണാധികാരികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ചൈനയിൽ കൃഷിരംഗത്തു കമ്യൂണുകൾ വേണ്ടെന്നുവെക്കുകയും, സ്വകാര്യകർഷകർക്കു പ്രോത്സാഹനങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ചൈനീസ് വൻകരയുടെ കടൽത്തീരം ആകെ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിക്കുവാനും, അവിടെ മൂലധനമിറക്കി ഫാക്ടറികൾ സ്ഥാപിക്കുന്നതിനു ബഹുരാഷ്ട്രക്കുത്തകകളെയും മറ്റു മുതലാളിത്ത സ്ഥാപനങ്ങളെയും വിദേശസർക്കാരുകളെയും ക്ഷണിക്കാനും കമ്യൂണിസ്റ്റ് ഭരണകൂടം തയ്യാറായിട്ടുണ്ട്. കേന്ദ്രത്തിലെ ആസൂത്രണം കഴിയുന്നത്ര കുറച്ച്, ഓരോ ഫാക്ടറിയെയും സ്വതന്ത്രമായി വികസിക്കാൻ വിടുകയെന്ന തത്വം ചൈനയ്ക്കകത്തു നടപ്പാക്കിവരികയാണ്. ഇതിന്റെയെല്ലാം ഫലമായി, അടുത്ത ഏതാനും വർഷങ്ങളിൽ ചൈനീസ് കമ്യൂണിസത്തിന്റെ—ലോക കമ്യൂണിസത്തിന്റെ തന്നെ മുഖച്ഛായ എങ്ങനെയൊക്കെ മാറിവരുമെന്ന് ഇപ്പോൾ ഊഹിക്കുക പ്രയാസമാണ്.

ചുരുക്കത്തിൽ പ്രതിസന്ധിയുടേതായ ഒരു വർഷമായിരുന്നു 1984; ഇന്ത്യയുടെ മാത്രമല്ല, മനുഷ്യവർഗത്തിന്റെയാകെ ചരിത്രത്തിൽ. തികച്ചും അപ്രതീക്ഷിതങ്ങളായ സംഭവവികാസങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ, 1985-ാമാണ്ട് ഏറെയൊന്നും വ്യത്യസ്തമാകാൻ വഴികാണുന്നില്ല. തുരങ്കത്തിന്റെ അറ്റത്തെ പ്രകാശം ഇനിയും കണ്ടുതുടങ്ങിയിട്ടില്ല.

(15 ഡിസംബർ, 1984)

## 34. 1985

ശുഭപ്രതീക്ഷകളുമായാണ് 1985-ാമാണ്ട് ഇന്ത്യയിൽ പുലർന്നത്. പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ പാർട്ടിക്കു സമ്മതിദായകർ നൽകിയ ആശാതീതമായ പിൻതുണ, ഉറച്ചതും കാര്യക്ഷമവുമായ ഭരണം കേന്ദ്രത്തിലുണ്ടായിരിക്കുമെന്ന വിശ്വാസത്തിനു വഴിനൽകി. പഞ്ചാബ് പ്രശ്നവും അസം പ്രശ്നവുംപോലുള്ള ആഭ്യന്തരപ്രശ്നങ്ങളിൽ അടിസ്ഥാനകാര്യങ്ങളിൽ ദൃഢതയോടെയും വിശദാംശങ്ങളിൽ വിട്ടുവീഴ്ചകൾക്കു സന്നദ്ധതയോടെയും, പുതിയ ഒരു സമീപനം ഉണ്ടാവുമെന്നും, രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും, ഉള്ളിൽനിന്ന് ഉയർന്നുകൊണ്ടിരിക്കുന്ന ഭീഷണികൾ അതിൻഫലമായി എന്നെന്നേക്കുമായി അസ്തമിക്കുമെന്നും പരക്കെ തോന്നലുണ്ടായി.

പ്രകൃതിയുടെ പ്രാതികൂല്യം കഴിഞ്ഞ ആണ്ടിൽ ഇന്ത്യയിൽ പരക്കെ പ്രകടമായിരുന്നുവെങ്കിലും, കേന്ദ്രഗവണ്മെന്റിന്റെ ധാന്യക്കലവറകൾ

ഇപ്പോൾ നിറഞ്ഞാണിരിക്കുന്നത്. അതിനാൽ, വിശപ്പ് 1985-ാമാണ്ടിൽ ഇന്ത്യയുടെ മുഖ്യപ്രശ്നമാകേണ്ടതില്ല. എന്നാൽ, സാധനവിലകളിലെ ഉയർച്ചയും രൂപവിലയിലെ താഴ്ചയും ഏറെക്കുറെ സ്ഥിരരൂപത്തിൽ തുടർന്നുകൊണ്ടിരിക്കുകയാണ്. പഞ്ചസാര, വനസ്പതി, പരുത്തിത്തുണി തുടങ്ങിയ നിത്യോപഭോഗത്തിനുള്ള വ്യവസായികോല്പന്നങ്ങളുടെ ഉല്പാദനം ഉയരുകയല്ല, താഴുകയാണ് ചെയ്യുന്നത്. ഇക്കാരണങ്ങളാൽ, 1985-ാമാണ്ടിൽ സാധാരണജനങ്ങൾക്ക്, പ്രത്യേകിച്ചും ശമ്പളജീവികൾക്ക്. കൂടുതൽ ഞെരുക്കം അനുഭവപ്പെടാനാണ് സാദ്ധ്യത.

ഇന്ത്യൻ വ്യവസായരംഗം പൊതുവേ മാന്ദ്യത്തിന്റെ ചിത്രമാണ് കാഴ്ചവെക്കുന്നത്. ജോലിസാദ്ധ്യത്തിൽ ഗണ്യമായ വർദ്ധനയൊന്നും 1985-ാമാണ്ടിൽ ഉണ്ടാകാതിരിക്കുകയാണ് ഇതിന്റെ ഫലം. കയററുമതിരംഗത്തിൽ സ്വല്പമായ ഉയർച്ചയാണ് 1984-ാമാണ്ടിൽ ഉണ്ടായിട്ടുള്ളത്. ഈ ആണ്ടിലും ഈ ഉയർച്ച തുടരുമെന്നു പ്രതീക്ഷിക്കാം. ലോകവിപണിയിൽ രൂപയുടെ വില ഇടിഞ്ഞുവരുന്ന തോതിനു, കയററുമതിക്കാരുടെ കീശയിൽ കൂടുതൽ രൂപാനോട്ടുകൾ എത്തിപ്പെടുമെന്നും വിശ്വസിക്കാം. പക്ഷേ, ഇതു വിലക്കയററത്തെയും നാണ്യപ്പെരുപ്പത്തെയും വളർത്തുകയേയുള്ളൂ. നമ്മുടെ കയററുമതിയിനങ്ങളിലധികവും ഇപ്പോഴും 'പാരമ്പര്യ' വകുപ്പുകളിൽപ്പെട്ടവയാണ്; അസംസ്കൃതങ്ങളോ അർദ്ധസംസ്കൃതങ്ങളോ ആണ്. ഇവയുടെ പൂർണസംസ്കരണം ഇന്ത്യയിൽത്തന്നെ നടത്തി, ഉപഭോഗസാധനങ്ങൾ ലോകവിപണിയിലെത്തിക്കാൻ കഴിഞ്ഞാൽ മാത്രമേ ഇന്ത്യയിൽ വ്യാവസായികവളർച്ചയും തൊഴിലില്ലായ്മയ്ക്കു പരിഹാരവും ഉണ്ടാവൂ. ഈതരം 'മൂല്യവർദ്ധന'വ്യവസായങ്ങൾ ആരംഭിക്കുന്നതിൽ നാം ഇനിയും ശ്രദ്ധിച്ചുതുടങ്ങിയിട്ടില്ല. മററു രാജ്യങ്ങളിൽനിന്നു അസംസ്കൃതസാധനങ്ങൾ വാങ്ങി അവയെ ഉപഭോഗക്ഷമങ്ങളാക്കി മാററി, മൂല്യം വർദ്ധിപ്പിച്ചാണ് തൈവാൻ, തെക്കൻ കൊറിയ, സിംഗപ്പൂർ മുതലായ രാജ്യങ്ങൾ അവയുടെ സമ്പന്നത നിലനിർത്തിവരുന്നത്. ഈ വിഷയത്തിൽ ഇന്ത്യ ഈ രാജ്യങ്ങളേക്കാൾ എത്രയോ പിന്നിലാണ് ഇപ്പോൾ.

കയററുമതിയിലുണ്ടാവുന്ന വർദ്ധനയും, വിദേശങ്ങളിൽ ജോലിചെയ്യുന്ന ഇന്ത്യക്കാരുടെ പണവുംവഴി നമ്മുടെ വിദേശ നാണ്യശേഖരം തൃപ്തികരമായിത്തന്നെ തുടരുന്നുണ്ട്. എന്നാൽ, മററു രാജ്യങ്ങളിൽനിന്നും ലോകബാങ്കുപോലെയുള്ള സ്ഥാപനങ്ങളിൽനിന്നും നാം വാങ്ങിയ കടം, മുതലും പലിശയുമായി തിരിച്ചടയ്ക്കേണ്ടതുണ്ട്. നമ്മുടെ കയററുമതി വരുമാനത്തിലെ വലിയൊരു ശതമാനം ഇപ്പോൾതന്നെ കടം തിരിച്ചടയ്ക്കുന്നതിലേക്കു വകകൊള്ളിക്കേണ്ടിവരുന്നു. ഈ ബാധ്യതയാകട്ടെ ആണ്ടോടാണ്ട് അധികമായിത്തീരുകയുമാണ്. അതേസമയം, ലോകവ്യാപകമായ സാമ്പത്തികമാന്ദ്യം നിമിത്തം മറുനാടുകളിലെ ഇന്ത്യക്കാർ തങ്ങളുടെ ജോലിയുടെ സ്ഥിരതയെ സംബന്ധിച്ചിടത്തോളം ആശങ്കാകുലരാണ്. അവർ കൂടുതൽക്കൂടുതലായി ജോലി വിട്ടു ജന്മനാട്ടിലേക്കു മടങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ആഭ്യന്തര സമ്പദ്വ്യവസ്ഥിതിയിൽ ഗണ്യമായ പ്രത്യാഘാതങ്ങൾ ഇതിൻഫലമായി ഉണ്ടാകാതിരിക്കുകയില്ല.

സോഷ്യലിസത്തെപ്പററിയുള്ള ദീർഘകാല ചർച്ചകൾക്കുശേഷം, മുതലാളിത്തവ്യവസ്ഥിതിയെ ഇന്ത്യയിൽ കൂടുതൽ ഉറപ്പിക്കുന്ന ഏതാനും നടപടികൾ 1985-ാമാണ്ടിൽ കേന്ദ്രഗവണ്മെൻറ് കൈക്കൊള്ളുമെന്നാണ് പരക്കെ വിശ്വസിക്കപ്പെടുന്നത്. മുതലാളിമാർക്കു യന്ത്രസാമഗ്രികളും മററും വിദേശങ്ങളിൽനിന്നു ഇറക്കുമതിചെയ്യുന്നതിനു കൂടുതൽ സൗകര്യം

നൽകപ്പെടും; അവർക്ക് ഉല്പന്നങ്ങൾ നിർമിക്കുന്നതിനുള്ള ലൈസൻസുകളും മറ്റും നൽകുന്നതിൽ ഇന്നുള്ള മാന്ദ്യം പരിഹരിക്കും; ഉല്പാദനം വർധിപ്പിക്കാൻ ആവശ്യമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കും. നികുതിബാധ്യത ഗണ്യമായി കുറയ്ക്കും— എന്നെല്ലാം പ്രതീക്ഷിക്കപ്പെടുന്നു. ഇതോടൊപ്പം, നഷ്ടം വരുത്തിക്കൊണ്ടിരിക്കുന്ന പൊതുമേഖലാവ്യവസായങ്ങളെ സ്സംബന്ധിച്ചിടത്തോളം, പ്രവൃത്ത്യുന്മുഖമായ ഒരു വീണ്ടുവിചാരവും നടക്കുമത്രെ. പ്രകടമായി മുതലാളിത്തത്തെ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം നടപടികൾക്ക് ഇന്ത്യയിൽ പരക്കെ സ്വാഗതം ലഭിക്കാനാണു സാധ്യത. സോഷ്യലിസത്തിന്റെപേരിൽ നാം വളർത്തിക്കൊണ്ടുവന്ന സംരക്ഷിത മുതലാളിത്തവ്യവസ്ഥ സോഷ്യലിസത്തിന്റെ എല്ലാ ദോഷങ്ങളുമുള്ളതും അതേസമയം മുതലാളിത്തത്തിന്റെ ഗുണമായ ഉല്പാദനവർദ്ധനയ്ക്കു പ്രതിബന്ധകവുമാണല്ലോ. ഈ നാമമാത്ര സോഷ്യലിസത്തെ തള്ളിപ്പറയാനും, പുതിയ ഉദാര-ഉദ്ബുദ്ധ—മുതലാളിത്തത്തെ വാഴ്ത്താനും ധാരാളം ആളുകളുണ്ടാവും. നഷ്ടത്തിൽ നടക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ആകെ പിടിച്ച് ഒന്നു കുലുക്കിവിട്ടാൽ, അതിൽ പൊതുജനങ്ങൾ സന്തോഷിക്കുകയേയുള്ളൂ. ധൂർത്ത്, കാര്യക്ഷമതയില്ലായ്മ, സ്വജനപക്ഷപാതം, അഴിമതി എന്നിവയ്ക്കു ദുഷ്പ്പേരു കേൾക്കാത്ത ഏതു പൊതുമേഖലാസ്ഥാപനമുണ്ട് ഇന്ത്യയിൽ? ഉദാഹരണത്തിന്, കെ. എസ്. ആർ. ടി. സി പിരിച്ചുവിട്ട്, റോഡുഗതാഗതം സ്വകാര്യവ്യക്തികൾക്ക് ഏല്പിച്ചുകൊടുത്താൽ, കെ. എസ്. ആർ ടി. സി. ജീവനക്കാർക്കും രാഷ്ട്രീയകക്ഷികൾക്കും ഒഴികെ, നാട്ടുകാരിൽ ഏതു വിഭാഗത്തിനാണ് ആ നടപടി സ്വാഗതയോഗ്യമല്ലാതിരിക്കുക?

അന്താരാഷ്ട്രീയരംഗം 1985.ാമാണ്ടിലും ഇരുണ്ടും നിറം കെട്ടും തുടരാനാണു സാധ്യത. ബാഹ്യാന്തരീക്ഷത്തിൽ അണ്വായുധങ്ങൾ സ്ഥിരമായ ഭ്രമണപഥത്തിൽ വിക്ഷേപിക്കുന്നതിനുള്ള 'നക്ഷത്രയുദ്ധ' പരിപാടി കൈവിടുകയില്ലെന്ന് അമേരിക്കൻ പ്രസിഡണ്ട് റെയ്ഗൻ വ്യക്തമാക്കിയിട്ടുണ്ട്. സോവിയറ്റ്യൂണിയന്റെ അതിർത്തിയിൽ യൂറോപ്പിൽ നെടുകെ അമേരിക്ക വിന്യസിച്ചിട്ടുള്ള അണ്വായുധഘടിതമിസൈലുകൾ അമേരിക്ക തിരിച്ചെടുക്കുകയുമില്ല. ഇതിനർത്ഥം, അമേരിക്കയും സോവിയറ്റ്യൂണിയനും തമ്മിൽ ഫലപ്രദമായ അണ്വായുധനിയന്ത്രണചർച്ചകൾ 1985.ാമാണ്ടിലും നടക്കാൻ സാധ്യതയില്ലെന്നാണ്. ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളുടെയും ഇടയിൽ ആയുധപ്പന്തയത്തിന് 1985-ാമാണ്ടിലും ആക്കം വർദ്ധിക്കുമെന്നാണ്.

വികസനാവശ്യങ്ങൾക്കുവേണ്ട സമ്പത്ത് വിധ്വംസനാവശ്യങ്ങൾക്കുവേണ്ടി വകമാറി ചെലവുചെയ്യുന്നതിന്റെ ഫലമായി ദരിദ്രരാജ്യങ്ങൾ കൂടുതൽക്കൂടുതൽ ദരിദ്രങ്ങളായിക്കൊണ്ടിരിക്കയാണ്. രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ കരുപ്പിടിച്ച ലോകവാണിജ്യസംവിധാനവും അതിനു പിൻതാങ്ങായി നിലകൊള്ളുന്ന അന്താരാഷ്ട്രീയസാമ്പത്തികസ്ഥാപനങ്ങളും സമ്പന്നരാഷ്ട്രങ്ങൾ, പ്രത്യേകിച്ച് അമേരിക്ക, മറ്റു രാജ്യങ്ങളുടെ ചെലവിൽ കൂടുതൽക്കൂടുതൽ സമ്പത്തു നേടുന്നതിനേ ഉപകരിച്ചിട്ടുള്ളൂ. അമേരിക്കൻ ഡോളറിന്റെ കൃത്രിമമായ വിലക്കയറ്റം ദരിദ്രരാജ്യങ്ങൾക്കു മാത്രമല്ല, യൂറോപ്പിലെ ബ്രിട്ടൺ, ഫ്രാൻസ് എന്നിവപോലെയുള്ള സമ്പന്നരാജ്യങ്ങൾക്കും വലിയ വിപത്ത് സൃഷ്ടിക്കുന്നുണ്ട്. ഈ കുഴപ്പങ്ങൾക്കു പ്രതിവിധിയെന്ന നിലയിലാണ്, ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ ചേരിചേരാരാഷ്ട്രങ്ങൾ ഒരു പുതിയ ലോകസാമ്പത്തികക്രമത്തിനുവേണ്ടിയുള്ള ആവശ്യം ഉയർത്തിയത്. അമേരിക്കയുടെ നേതൃത്വത്തിൽ സമ്പന്നരാഷ്ട്രങ്ങൾ യോ

ജിച്ച് ഈ ആവശ്യത്തെ നിഷ്ഠുരം നിരസിച്ചിരിക്കുകയാണ്. ഇന്ദിരാഗാന്ധിയുടെ മരണത്തിനുശേഷം, ഔപചാരികമായി, ചേരിചേരാ രാഷ്ട്രങ്ങളുടെ നേതൃത്വം രാജീവഗാന്ധിയിൽ വന്നുചേർന്നിരിക്കുന്നു. ദരിദ്ര–ദക്ഷിണ–രാഷ്ട്രങ്ങളെസ്സംബന്ധിച്ചിടത്തോളം മർമപ്രധാനമായ ഈ പ്രശ്നം ലോകജനതയുടെ മുഴുവൻ ശ്രദ്ധയ്ക്കും ചർച്ചയ്ക്കും സമർപ്പിക്കുന്നതിൽ രാജീവഗാന്ധി വിജയിക്കുമോ എന്ന കാര്യം കണ്ടുതന്നെ അറിയണം.

ഇന്ത്യയുടെ അതിർത്തിപ്രദേശങ്ങൾ അസ്വസ്ഥങ്ങളാണ്. സിലോൺ ഇടയ്ക്കിടെ ആളിക്കത്തുകയും ഇടയ്ക്കിടെ പുകഞ്ഞുനീറുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഉപദേശിക്കാനും സഹായിക്കാനുമല്ലാതെ ബലം പ്രയോഗിക്കാനും ശിക്ഷിക്കാനും നമുക്കു സാധിക്കാത്ത ഒരു പരിതഃസ്ഥിതിയാണിവിടെ. ബാംഗ്ലാദേശുമായുള്ള നമ്മുടെ പ്രശ്നം ഗൗരവമായ ചർച്ചയ്ക്കു വരുമെന്ന ആശതന്നെ ഇപ്പോൾ ഇല്ല. ഇതിനർത്ഥം, തുറന്നുകിടക്കുന്ന അതിർത്തിയിലൂടെ ബുഭുക്ഷയുള്ള ദരിദ്രകർഷകർ ബാംഗ്ലാദേശിൽനിന്ന് ഇന്ത്യയിലേക്കു നുഴഞ്ഞുകടക്കുന്നതു തുടരുമെന്നാണ്. നമ്മുടെ വടക്കുകിഴക്കെ അതിർത്തിയിൽ ഉടനീളം ഒരു സജീവപ്രശ്നമാണ് ഈ നുഴഞ്ഞുകയറ്റം. പശ്ചിമബംഗാൾ, ബീഹാർ മുതലായ സംസ്ഥാനങ്ങളിലും ഈ നുഴഞ്ഞുകയറ്റം ആപത്കരമായ മാനം കൈക്കൊണ്ടിട്ടുള്ളതായി പറയപ്പെടുന്നു.

പാകിസ്ഥാനുമായി അർത്ഥപൂർണമായ ഒരു സംവാദത്തിനുള്ള അന്തരീക്ഷം ഇനിയും ഉണ്ടായിട്ടില്ല. വൻതോതിലുള്ള പാകിസ്ഥാന്റെ ആയുധവത്കരണവും, പഞ്ചാബ് വിഘടനവാദികൾക്ക് പാകിസ്ഥാൻ സർക്കാർ നൽകുന്ന സക്രിയ സഹായവും തുടർന്നുകൊണ്ടിരിക്കുകയാണ്. പാകിസ്ഥാന്റെ ആയുധവത്കരണത്തിന് അമേരിക്ക കാണുന്ന ഒഴികഴിവ് അഫ്ഘാനിസ്ഥാനിലെ റഷ്യൻ സൈനിക സാന്നിദ്ധ്യമാണല്ലോ. അഫ്ഘാനിസ്ഥാനിലെ സ്ഥിതിയിലും 1985–ൽ മാറ്റമൊന്നുമുണ്ടാകുമെന്നു കരുതാൻ കാരണങ്ങളില്ല.

ഇറാനും ഇറാക്കും തമ്മിൽ നടന്നുവരുന്ന യുദ്ധം അതേപടി തുടരുകയാണ്. 1985–ാമാണ്ടിൽ ഈ തർക്കം പരിഹരിക്കപ്പെടുമെന്നു വിശ്വസിക്കുക പ്രയാസമാണ്. ഇന്ത്യൻ കപ്പലുകളുടെ സുരക്ഷിതത്വത്തിന് ഈ യുദ്ധം ഭീഷണിയായിത്തീർന്നിട്ടുണ്ട്. ഉഭയകക്ഷി വ്യാപാരാടിസ്ഥാനത്തിൽ സൗദിഅറേബ്യയിൽനിന്നു പെട്രോൾ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് ഇന്ത്യ കൈക്കൊണ്ടുവരുന്ന നടപടികൾ ഇതുമൂലം തടസ്സപ്പെട്ടുകൂടായ്കയില്ല.

1985–ാമാണ്ടിൽ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പു നടക്കേണ്ടതുണ്ട്. അടുത്തകാലത്തു നിയമസഭ പിരിച്ചുവിട്ട ആന്ധ്രപ്രദേശ്, കർണാടകം എന്നീ സംസ്ഥാനങ്ങൾക്കു പുറമേ, ഉത്തരപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്രം, മധ്യപ്രദേശ്, ഒറീസ്സ, സിക്കിം, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിലും ഈയാണ്ടിൽ നിയമസഭാ തെരഞ്ഞെടുപ്പുകൾ നടക്കാനാണു സാദ്ധ്യത. ഡിസ്മിസ് ചെയ്യപ്പെട്ട ഫാറൂഖ് അബ്ദുള്ളയുടെ കക്ഷിക്ക് കാശ്മീർ താഴ്വരയിൽ പാർലമെൻററി തെരഞ്ഞെടുപ്പിൽ ലഭിച്ച വിജയത്തിന്റെ അടിസ്ഥാനത്തിൽ, കാശ്മീരിലെ ഇപ്പോഴത്തെ നിയമസഭ പിരിച്ചുവിട്ടു പുതിയ തെരഞ്ഞെടുപ്പു നടത്തണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. കോൺഗ്രസ്സിന്റെ നില മെച്ചപ്പെടുത്താനായി കേരളത്തിലും നിയമസഭ പിരിച്ചുവിട്ടു തെരഞ്ഞെടുപ്പു നടത്താനാലോചനയുണ്ടെന്നു കേൾക്കുന്നു. ചുരുക്കത്തിൽ, സംസ്ഥാന നിയമസഭാ തെരഞ്ഞെ

ടുപ്പുകളുടെ ഒരു വർഷമായിരിക്കും ഇന്ത്യയിൽ 1985. ഇന്ദിരാഗാന്ധിയുടെ ചരമത്തെത്തുടർന്ന് നടന്ന പാർലമെൻററി തെരഞ്ഞെടുപ്പിലെ ഫലമാതൃക ഈ സംസ്ഥാനനിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ ആവർത്തിച്ചുകൊള്ളണമെന്നില്ല. പ്രാദേശികങ്ങളായ ഗ്രൂപ്പുകൾക്കും ക്ലിക്കുകൾക്കും കൂടുതൽ നിർണായകമായ സ്വാധീനം നിയമസഭാ തെരഞ്ഞെടുപ്പുകളിൽ സ്വതവെ ഉണ്ടായിരിക്കുമല്ലോ. പാർലമെൻറ് തെരഞ്ഞെടുപ്പിൽ ഇന്ദിരാകോൺഗ്രസ്സിനു കൈവന്ന വിജയത്തിൻഫലമായി ഇന്ത്യയിൽ രൂപംകൊണ്ടിട്ടുള്ള രാഷ്ട്രീയസ്ഥിരതയുടെ ചിത്രത്തിന് നിയമസഭാ തെരഞ്ഞെടുപ്പുകൾക്കുശേഷം, മങ്ങലേററുകൂടായ്കയില്ല.

രാഷ്ട്രീയചിത്രം എന്തായാലും, അഴിമതി കുറവും കാര്യക്ഷമത കൂടുതലുമുള്ള ഒരു ഭരണം നിലവിൽവരുമോ എന്നതാണ് സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം സർവപ്രധാനമായ കാര്യം. പേടിക്കാതെ പുറത്തിറങ്ങി നടക്കാൻ സ്ത്രീകൾക്കും കുട്ടികൾക്കും കഴിയുമോ? ജനജീവിതത്തെ കല്പിച്ചുകൂട്ടി ദുരിതപൂർണമാക്കുന്ന പണിമുടക്കുകളും മെല്ലെപ്പോക്കുകളും സേവനത്തുറകളിൽനിന്ന് അപ്രത്യക്ഷമാവുമോ?

ഒരു സുപ്രഭാതത്തിൽ സ്ഥിതി ആകെ മാറിപ്പോവുമെന്ന പ്രതീക്ഷിക്കുന്നതു മൗഢ്യമാവും. പുരോഗതിയിലേക്കുള്ള കാൽവെപ്പുകൾ അവിടവിടെ കണ്ടുതുടങ്ങിയാൽത്തന്നെ ജനങ്ങൾക്ക് ആഹ്ലാദംകൊള്ളാം.

(3 ജനവരി, 1985)

# 35. വിഷം തീണ്ടിയ ഗംഗ

പുതിയ പാർലമെൻറ് ഉദ്ഘാടനംചെയ്തുകൊണ്ട് രാഷ്ട്രപതി ജ്ഞാനി സെയ്ൽസിംഗ് ജനവരി 17–ാം തീയതി ചെയ്ത പ്രസംഗത്തിൽ കേന്ദ്ര ഗവണ്മെൻറിന് പത്ത് ഇനങ്ങളുള്ള ഒരു പുതിയ പരിപാടി നിർദേശിക്കുകയുണ്ടായി. 1. തെരഞ്ഞെടുപ്പു സംബന്ധിച്ച പരിഷ്കാരങ്ങൾ, 2. നിയമസഭാംഗങ്ങളുടെ കൂറുമാററം തടയൽ, 3. ഭരണം കാര്യക്ഷമമാക്കൽ, 4. തുണിനിർമാണം സംബന്ധിച്ച പുതിയ പ്രഖ്യാപനം, 5. പുതിയ വിദ്യാഭ്യാസനയ രൂപവത്കരണം, 6 നീതിന്യായനിർവഹണം ത്വരിപ്പിക്കലും പാവങ്ങൾക്കു നീതി ലഭ്യമാക്കലും, 7. സ്ത്രീകൾക്കുവേണ്ടി ഒരു ദേശീയ പരിപാടി, 8. 1985–ലെ യുവജനവർഷാചരണം, 9. വന–വന്യജീവി–വകുപ്പും തരിശുഭൂമി വികസനബോർഡും ഉണ്ടാക്കൽ, 10. ഗംഗാനദിയിലെ മാലിന്യം നീക്കാൻ ഒരു കേന്ദ്രഗംഗാ–അധികാരസമിതി നിലവിൽ വരുത്തൽ എന്നിവയാണ് ഈ പരിപാടിയിലെ പത്ത് ഇനങ്ങൾ.

ഈ പത്തിനങ്ങളിൽ രണ്ടാമത്തേതായ നിയമസഭാംഗങ്ങളുടെ കൂറുമാററം തടയൽ നടപ്പിൽ വരുത്തുന്നതിനുള്ള ബില്ല് പാർലമെൻറിൽ അവതരിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. പാർലമെൻറിൻെറ ഈ സമ്മേളനത്തിൽ തന്നെ അതു നിയമമായിത്തീരുമെന്നും നമുക്കു വിശ്വസിക്കാം. രാഷ്ട്രീയ രംഗത്തിലെ മലിനീകരണം ഒരളവുവരെ തടയാൻ ഈ നിയമം ഉപകരിച്ചേക്കും.

മാലിന്യം നീക്കി ഗംഗാനദിയുടെ വിശുദ്ധി പുനഃസ്ഥാപിക്കയെ